170
23/4/03

കേരള സർക്കാർ

സംഗ്രഹം

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ - മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ തേവർ സമുദായത്തിന്റെ അവാന്തരമായ കല്ലർ, അഗമുടയാർ, സെർവൈ, സമുദായങ്ങളേയും പെരുമളൈ കള്ളർ സമുദായത്തേയും ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് / കമ്മീഷന്റെ ഉപദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = =

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ(എം.എസ്) നം. 32 /03/പജപവവിവ തിരുവനന്തപുരം

തീയതി: 21.3.03

= = = = = = = = = = = = = = = = = = = = = =

പരാമർശം: 1. 23.4.98 ലെ ജി.ഒ(എം.എസ്)നം.44/98/പജപവവിവ

2. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ രജിസ്ട്രാറുടെ 26.11.2002 ലെ 685/സി/99/കെ.എസ്.ബി.സി-ാം നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

## ഉത്തരവ്

സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ തേവർ സമുദായത്തിന്റെ അവാന്തരമായ മറവർ, കല്ലർ, അഗമുടയാർ, സെർവൈ സമുദായങ്ങളേയും പെരുമളൈ കള്ളർ സമുദായത്തേയും ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള രണ്ടു നിവേദനങ്ങൾ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിന് ഉപദേശം നൽകിയിരിക്കുകയാണ്.

2. രാജവാഴ്ചക്കാലത്തുതന്നെ തമിഴ്നാട്ടിൽ നിന്നുപലായനം ചെയ്തെത്തിയ ഈ കൂട്ടർ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ സ്ഥിര താമസമാക്കിയവരാണ്. ഇവരിൽ ഭൂരിപക്ഷവും തേയിലത്തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. ചുരുക്കം ചിലർ കേന്ദ്ര സംസ്ഥാന സർവ്വീസിൽ ജോലി നോക്കുന്നു. കേന്ദ്ര, തമിഴ്നാട് സർക്കാരുകൾ ഈ വിഭാഗത്തെ പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(തുടരും..2)

3. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശുപാർശ അനുസരിച്ച് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം അഗമുടയാർ, ഈശനാട്ടുകള്ളർ സമുദായങ്ങളെ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

4. കമ്മീഷന് ലഭിച്ച നിവേദനം, പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ പുതിയതായി സമുദായങ്ങളെ ചേർക്കുന്നത് സംബന്ധിച്ചുള്ള ബഹു. സുപ്രീം കോടതി വിധികളുടേയും ഇതു സംബന്ധിച്ചുള്ള മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളുടേയും വെളിച്ചത്തിൽ പരിശോധിച്ചു.

5. സമുദായത്തിന്റെ വിദ്യാഭ്യാസപരവും സാമൂഹികവും സാമ്പത്തികവുമായ നിജസ്ഥിതി വെളിവാക്കുന്നതിനുതകുന്ന ചില രേഖകളും തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതിനുള്ള തെളിവുകളും സംഘടനയുടെ ജനറൽ സെക്രട്ടറി കമ്മീഷനു മുന്നിൽ സമർപ്പിച്ചിരുന്നു.

6. പിന്നാക്ക വിഭാഗ കമ്മീഷൻ നടത്തിയ പരിശോധനയിൽ ഈ സമുദായങ്ങളൊന്നും തന്നെ സാമൂഹികമോ വിദ്യാഭ്യാസപരമോ ആയി ഒരു തരത്തിലുള്ള അധഃസ്ഥിതാവസ്ഥയും അനുഭവിച്ചിരുന്നില്ല എന്ന് വെളിവായി. ആ പ്രകാരമുള്ള അവകാശ വാദത്തിലോ രേഖകളിലോ കഴമ്പില്ലെന്നും മനസ്സിലായി. തേവർ സമുദായവും അവാന്തര വിഭാഗങ്ങളും രാജകുടുംബങ്ങളുമായി ചേർന്ന് കഴിഞ്ഞിരുന്നവരാണെന്നും അവർ പടയാളികളും ഭരണാധികാരികൾക്കായി ചാരപ്രവർത്തി നടത്തിയിരുന്നവരായിരുന്നുവെന്നും ഒപ്പം കോട്ടകളുടെ സംരക്ഷണത്തിൽ ഏർപ്പെട്ടിരുന്നവരാണെന്നും തെളിഞ്ഞു.

7. വിദ്യാലയങ്ങളിലെ പ്രവേശനത്തിനോ വിദ്യ അഭ്യസിക്കുന്നതിനോ ഒരു വിധ വിലക്കും ഉണ്ടായിരുന്നില്ല. ക്ഷേത്ര പ്രവേശനവും ആരാധനയും അവർക്ക് സാധ്യമായിരുന്നു. സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ കമ്മീഷന് ബോദ്ധ്യപ്പെടാനാവശ്യമായ ഒരു തെളിവും ഉത്തരണത്തിൽ ഉണ്ടായില്ല.

9. ഭരണഘടനയുടെ അനുച്ഛേദം 16(4)ൽ വിഭാവനം ചെയ്യുന്ന തരത്തിലുള്ള സാമ്പത്തികവും സാമൂഹികവുമായ പരിരക്ഷ നൽകുന്നതിനാവശ്യമായ ഒരു സ്ഥിതിവിശേഷവും ഈ സമുദായ ങ്ങൾക്കിടയിൽ നിലനിൽക്കുന്നില്ല.

10. ഈ സാഹചര്യത്തിൽ തേവർ സമുദായമെന്നതിന്റെ അവാന്തര ങ്ങളായ മറവർ, കള്ളർ, അഗമുടയാർ സെർവൈ സമുദായങ്ങളേയോ പെരുമലൈ കള്ളർ സമുദായത്തേയോ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽപ്പെടുത്തേണ്ടതില്ലെന്ന തീരുമാനത്തിൽ കമ്മീഷൻ എത്തിച്ചേർന്നു. എന്നാൽ ഈ തീരുമാനം സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇപ്പോഴുള്ള തേവർ സമുദായത്തിന്റെ അവാന്തര വിഭാഗമായ 'മറവർ' സമുദായം ഇപ്പോൾ അനുഭവിച്ചുവരുന്ന ഒ. ബി. സി ആനുകൂല്യങ്ങൾ ഒന്നും തന്നെ നഷ്ടമാകുന്നതല്ല എന്നും തീരുമാനിച്ചു. ഈ തീരുമാനം അനുസരിച്ചുള്ള ഉപദേശമാണ് സർക്കാരിന് നൽകിയിട്ടുള്ളത്.

11. സാധാരണയായി കമ്മീഷന്റെ തീരുമാനങ്ങൾ അതേപടി നടപ്പിലാക്കുവാൻ സർക്കാർ ബാദ്ധ്യസ്ഥരാണ്.

12. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ തേവർ സമുദായത്തിന്റെ അവാന്തര വിഭാഗങ്ങളായ കള്ളർ, അഗമുടയാർ, സെർവൈ സമുദായങ്ങളേയും, പെരുമലൈ കള്ളർ സമുദായത്തേയും ഉൾപ്പെടുത്തേണ്ടതില്ലെന്ന സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സ്വീകരിച്ച് ടി സമുദായത്തെ ഒ. ബി. സി പട്ടികയിൽപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിച്ച് ഉത്തരവാകുന്നു. തേവർ സമുദായത്തിന്റെ അവാന്തര വിഭാഗവും ഒ. ബി. സി പട്ടികയിൽ നേരത്തെ ഉൾപ്പെടുന്നതുമായ "മറവർ" സമുദായത്തിന് ഈ തീരുമാനം ബാധകമായിരിക്കുകയില്ലെന്നും തീരുമാനിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഡോ. സി. വി. ആനന്ദബോസ്
സെക്രട്ടറി

രജിസ്ട്രാർ,
കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, നാഗപ്പറമ്പിൽ ബിൽഡിംഗ്സ്,
പ്ലാമൂട് ഹൈറോഡ്, പട്ടം പാലസ്. പി. ഒ, തിരുവനന്തപുരം

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (രേഖകൾ കോപ്പി സഹിതം)

(തുടരും....4)

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർ
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
ജി.എ.ഡി (എസ്.സി)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക പട്ടിക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

സി.എ. ടു ജോയിന്റ് സെക്രട്ടറി

ജനറൽ സെക്രട്ടറി, കേരളാ സ്റ്റേറ്റ് തമിഴ് പ്രൊട്ടക്ഷൻ കൗൺസിൽ
6/201, കരുവപ്പാറ, കൊഴിഞ്ഞാമ്പാറ, പാലക്കാട് - 678555

പ്രസിഡന്റ് ശ്രീ.മാരിയമ്മൻ ടെമ്പിൾ കമ്മിറ്റി, ഉതുവക്കാട്, പള്ളത്തേരി.പി.ഒ
പാലക്കാട് - 678007

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ